ഉത്തരം

(എ) തെങ്ങിന്റെ ഉൽപ്പാദനം വർദ്ധനവിനായി കൃഷിവകുപ്പ് താഴെ പറയുന്ന പദ്ധതികൾ ആവിഷ്ക്കരിച്ചു നടപ്പാക്കുന്നുണ്ട്.

1. നല്ലയിനം തെങ്ങിൻതൈകളുടെ ഉൽപ്പാദനവും വിതരണവും.
2. സങ്കരയിനം തെങ്ങിൻ തൈകളുടെ ഉൽപ്പാദനം.
3. രോഗം ബാധിച്ച തെങ്ങുകൾ വെട്ടിമാറ്റി സഹായധനം നൽകുന്ന പദ്ധതി.
4. തെങ്ങിൻതോട്ടങ്ങളിൽ ജലസേചന സൗകര്യം നൽകാനുള്ള പദ്ധതി.
5. തെങ്ങു കൃഷി വ്യാപന പദ്ധതി.
6. സമഗ്ര തെങ്ങു മരുന്നുതളി പദ്ധതി.
7. തെങ്ങോലപ്പുഴു നിയന്ത്രിക്കുന്നതിനുള്ള പദ്ധതി.
8. തെങ്ങ് കൃഷി പാക്കേജ് പദ്ധതി.
9. തെങ്ങു കൃഷി പുനരുദ്ധാരണ പദ്ധതി.

തെങ്ങിന് മരുന്നുതളിക്കുന്ന തൊഴിലാളികൾ

1609. [2396] ശ്രീ. എം.കെ. കേശവൻ :
,, കെ.ഇ. ഇസ്മായിൽ :
,, കെ.ടി. കുമാരൻ :
,, കെ.പി. പ്രഭാകരൻ :

ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ;

(എ) കൃഷിവകുപ്പിന്റെ കീഴിൽ തെങ്ങിന് മരുന്നു തളി നടത്തിക്കൊണ്ടിരുന്ന എത്ര തൊഴിലാളികൾ ഉണ്ടായിരുന്നു ;

(ബി) ഇവർക്ക് ഡിപ്പാർട്ടുമെന്റിൽ കൂടിയാണോ വേതനം നൽകിവന്നിരുന്നത് ;

(സി) ഇവർക്ക് ഇപ്പോൾ ജോലി നൽകുന്നുണ്ടോ ;

(ഡി) ഇല്ലെങ്കിൽ കാരണമെന്ത് ?

ഉത്തരം

(എ) 830

(ബി) അതേ.

(സി) ഇല്ല.

(ഡി) 16-8-1984-ലെ സർക്കാർ ഉത്തരവ് (എം.എസ്.) 241/84/എ.ഡി. പ്രകാരം കൃഷിക്കാർ തന്നെ ജോലിക്കാരെവച്ച് നേരിട്ട് മരുന്നുതളി നടത്തണമെന്ന് തീരുമാനമായതുകൊണ്ട്.

കാർഷിക കടം

1610. [2398] ശ്രീ. ലോനപ്പൻ നമ്പാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൃഷിക്കാരുടെ കാർഷിക കടങ്ങളെല്ലാം 30-9-1986 വച്ച് എഴുതിത്തള്ളാൻ ഗവൺമെന്റ് നടപടി സ്വീകരിക്കുമോ ;

(ബി) 30-9-86-ൽ സംസ്ഥാനത്തെ കൃഷിക്കാർക്കെല്ലാംകൂടി എത്ര കടം ഉണ്ടെന്നാണ് കണക്ക് ?

LIBRARY ARCHIVES Kerala Legislative Assembly